**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **19-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ക്ഷേമനിധി ബോർഡുകളുടെ എണ്ണം നിലവിലുള്ള 16-ൽ നിന്നും 11 ആക്കി കുറച്ചുകൊണ്ട് 29/06/2020 -ലെ സ.ഉ(കൈ)നം.35/2020/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ സംയോജനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് ബോർഡുകളുടെ സംയോജിത രേഖകളുടെ കരട് സമർപ്പിക്കുന്നതിനായി ലേബർ കമ്മീഷണർ തലത്തിൽ ഉദ്യോഗസ്ഥരുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും സംയോജിത രേഖകളുടെ കരട് തയ്യാറാക്കുകയും ചെയ്തു വരുന്നു. |
| (ബി) | തൊഴിലാളികളുടെ അംഗത്വത്തിനും ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം സജ്ജമാക്കിയിട്ടുണ്ടോ; | (ബി) | തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ നൽകുന്നതിനായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന ഒരു ഏകീകൃത സോഫ്റ്റ് വെയർ പദ്ധതി തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സംവിധാനം വഴിയുള്ള രജിസ്ട്രേഷൻ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള മറ്റ് ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളുടെ വിവരങ്ങൾ AIIS സോഫ്റ്റ് വെയർ മുഖേന രജിസ്റ്റർ ചെയ്തു വരുന്നുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യ വിതരണത്തിനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുമായി തനത് സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 11,275 അപേക്ഷകൾ ലഭിച്ചതിൽ AIIS സോഫ്റ്റ് വെയർ മുഖേന 7152 പേർ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് – തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ. (കൈ) നമ്പർ.**35**/2020/തൊഴിൽ തിരുവനന്തപുരം, തീയതി. 29.06.2020

==========================================================================

പരാമർശം – ലേബർ കമ്മീഷണർ അദ്ധ്യക്ഷനായുള്ള സബ്കമ്മിറ്റി റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിൽ നമ്മുടെ സംസ്ഥാനം എന്നും രാജ്യത്തിന് മാതൃകയാണ്. പരമ്പരാഗത മേഖലയിലേയും അസംഘടിത മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വേണ്ടിയാണ് നമ്മുടെ സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുള്ളത്.

2. എന്നാൽ വിവിധ കാലഘട്ടങ്ങളിലായി അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലവും വർദ്ധിച്ചുവരുന്ന ഭരണചെലവ് മൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്.

3. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ബോർഡുകളുടെ പുനഃസംഘടനയും, ശാക്തീകരണവും, അംശദായ നിരക്ക് വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമായിരിക്കുന്നു. ആയതിനാൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തികൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

4. ഇത് സംബന്ധിച്ച ചർച്ചകൾ നടത്തുന്നതിനും സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനും ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി, ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണചെലവ് സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ എന്നിവ പരിശോധിച്ച്, ആവശ്യമായ ചർച്ചകൾ നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

5. പ്രസ്തുത സബ്കമ്മിറ്റി റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11- ആയി കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

i) **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള കള്ള് ,വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

ii) **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

iii) **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്** എന്നിവ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി സംയോജിപ്പിക്കുന്നു.

iv) **കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

6. ഇതിൻ പ്രകാരം ബോർഡുകളുടെ എണ്ണം 11- ആയി കുറയ്ക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജീത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം
തൊഴിൽ വകുപ്പിലെ എല്ലാ ക്ഷേമനിധി ബോർഡുകൾക്കും
തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് [24.06.2020 ലെ മന്ത്രിസഭാ യോഗ തീരുമാനം നം.4078 പ്രകാരം.]
ധനകാര്യ വകുപ്പ്
നിയമ വകുപ്പ്
വിവര സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസ് –ന്
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ–യ്ക്ക്